**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3360** **14.07.2015- ൽ മറുപടി നൽകേണ്ടിയിരുന്നത്**

**"ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ചുള്ള പഠനം "**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി** (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | എ) & ബി) | ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്ന സമയത്ത് വിവിധ വകുപ്പുകൾ, വ്യവസായികൾ, ധനകാര്യ സ്ഥാപനങ്ങൾ, വ്യവസായവുമായി ബന്ധപ്പെട്ട മറ്റു ഏജൻസികൾ എന്നിവയെ എല്ലാം ഏകോപിപ്പിച്ചു കൊണ്ട് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ഒരു വർക്ക്ഷോപ്പ് ജില്ലകൾതോറും നടത്തുകയും ആയതിന്റെ വെളിച്ചത്തിൽ ഓരോ ജില്ലയുടെ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിദഗ്ധ തൊഴിലാളികളുടെ ലഭ്യത, വിപണി, ധനലഭ്യത, പരിസ്ഥിതി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെല്ലാം പരിഗണിച്ച് ഒരു ജില്ലാതല പഠനം നടത്താറുണ്ട്. ഇതു സംബന്ധിച്ച് ഒരു ഏകീകൃത പഠനം നടത്തിയിട്ടില്ല. |
| ബി) | പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും എന്തെല്ലാമാണ്; | | |
| സി) | സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് പ്രസ്തുത മേഖലയ്ക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | സി) | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും സംരംഭകർ ആവശ്യപ്പെടുന്നതനുസരിച്ച് സാധ്യതാ പഠനങ്ങൾ/പ്രോജക്ട് റിപ്പോർട്ടുകൾ എന്നിവ നൽകുകയും ചെയ്യുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും വ്യവസായ സംരംഭകത്വ വികസന പിരിശീലന പരിപാടികളും അവയുടെ തുടർച്ചയായി രൂപീകരിക്കപ്പെടുന്ന യൂണിറ്റുകളുടെ പ്രവർത്തന |

| | | | |
|---|---|---|---|
| | | | ങ്ങൾക്കാവശ്യമായ മാനേജ്മെന്റ് സഹായങ്ങൾ നൽകുകയും ചെയ്യുന്നു. |
| ഡി) | ചെറുകിട-ഇടത്തരം സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | ഡി) | സംസ്ഥാനത്തെ ചെറുകിട, ഇടത്തരം, സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.<br>1. പുതിയ സംരംഭങ്ങൾ ആരംഭിക്കു ന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് ബോധവൽക്കരണം നടത്തുന്നു.<br>2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു. ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.<br>3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.<br>4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു.<br>5. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യത അനുസരിച്ച് വ്യവസായ സംരംഭകർക്ക് |

| | | | |
|---|---|---|---|
| | | | വ്യവസായ ഭൂമി ലഭ്യമാക്കുന്നു.<br><br>കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി (ESS – Entrepreneur Support Scheme) നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാണ്.<br>(i) പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു; പരമാവധി 20 ലക്ഷം രൂപ.<br>(ii) വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു; പരമാവധി 30 ലക്ഷം രൂപ.<br>(iii) മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.<br>(iv) ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.<br>(v) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും. |

**സെക്ഷൻ ഓഫീസർ**